DIRECTORATE ... THIRUVANANTHAPURAM ... 2014

കേരള സർക്കാർ

18091

നം. 37575/കെ1/2013/ഉ.വി.വ.

ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്
തിരുവനന്തപുരം
തീയതി : 09-05-2014

## സർക്കുലർ

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് - അദ്ധ്യാപികമാരുടെ വസ്ത്രധാരണം - സംബന്ധിച്ച്.

സൂചന :-

....

സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ അടക്കമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപികമാരുടെ വസ്ത്രധാരണത്തെക്കുറിച്ച് പ്രത്യേക മാനദണ്ഡങ്ങളൊന്നും നിലവിലില്ല എന്നും എന്നാൽ അദ്ധ്യാപികമാർ സാരി ധരിക്കണമെന്ന അലിഖിത നിയമം നടപ്പിലാക്കി വരുന്നതായും അദ്ധ്യാപികമാരെ സംബന്ധിച്ചിടത്തോളം ഈ വിവേചനം നിരവധി ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായും സർക്കാരിന് പരാതി ലഭിക്കുകയുണ്ടായി സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

ചുരിദാർ/സൽവാർ കമ്മീസ് ധരിച്ച് അദ്ധ്യാപികമാർ ക്ലാസ്സിൽ വരുന്നതുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ നിലവിൽ പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിദ്യാലയങ്ങളിലെ അദ്ധ്യാപികമാർക്ക് സൽവാർ കമ്മീസ്/ചുരിദാർ ഇടങ്ങിയ വസ്ത്രങ്ങൾ ധരിക്കാൻ അനുവാദമുള്ളതുപോലെ പ്രൊഫഷണൽ കോളേജുകൾ അടക്കമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപികമാർക്ക് സാരി/ബ്ലൗസ് കൂടാതെ ചുരിദാർ/സൽവാർ കമ്മീസ് ഇടങ്ങിയ വസ്ത്രങ്ങൾക്കും അനുവദനീയമാണ് എന്ന കാര്യം വ്യക്തമാക്കുന്നു.

**ഐസക് രാജു**
ഡെപ്യൂട്ടി സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ,
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല,കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല,കാലടി,എറണാകുളം/കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല,കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല,കോഴിക്കോട്/കണ്ണൂർ സർവ്വകലാശാല കണ്ണൂർ/മലയാളം സർവ്വകലാശാല,തിരൂർ/നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (ന്യുവാൽസ്), ന്യുവാൽസ് ക്യാമ്പസ്, എച്ച്.എം.റ്റി. കോളനി.പി.ഒ., കളമശ്ശേരി, എറണാകുളം
പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് വിപുലമായ പ്രസിദ്ധീകരണത്തിന്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നമ്പർ ജി4/ 18091/2014/കോ. വി.വ. തീയതി: 03-06-2014

സർക്കാർ കത്ത് ഈ വകുപ്പിനു കീഴിലുള്ള എല്ലാ സ്ഥാപനമേധാവികളുടേയും, അദ്ധ്യാപികമാരുടേയും അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കുന്നു.

വിശ്വസ്തതയോടെ

( ഒപ്പ് )
പി.കെ. ഗിരിജാദേവി
**കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ**

\\ അംഗീകാരത്തോടെ \\

സൂപ്രണ്ട്

എ കെ 04-06-14